**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 891** **30-06-2022 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാട്ടുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ, ശ്രീ. കെ.എം.സച്ചിൻദേവ്, ശ്രീമതി ഒ എസ് അംബിക | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതി സന്തുലനത്തിനും ഹരിതവൽക്കരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി സാധ്യമായ തീരദേശങ്ങളിലെല്ലാം കണ്ടൽ വനങ്ങളും അനുബന്ധ വൃക്ഷത്തൈകളും വച്ചുപിടിപ്പിക്കുന്നതിനും നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സാമൂഹ്യവനവൽക്കരണ വിഭാഗത്തിന്റെ നഴ്സറികളിൽ വിതരണത്തിനായി കണ്ടൽത്തൈകൾ ഉത്പാദിപ്പിച്ച് വരുന്നു. കൂടാതെ കണ്ടൽവനങ്ങളുടെ സംരക്ഷണത്തിനായി ധനസഹായ പദ്ധതിയും നിലവിലുണ്ട്. Conservation and Management of Mangroves എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടൽക്കാടുകൾ വച്ച് പിടിപ്പിച്ച് സംരക്ഷിച്ച് വരുന്നു. |
| (ബി) | കണ്ടൽ ചെടികൾ നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി എന്തെല്ലാം നൽകിവരുന്നുണ്ട്; | (ബി) | കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി Conservation and Management of Mangroves എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോ ഗ്യാസ് പ്ലാൻറ് നിർമ്മാണം, മീൻകുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവർത്തികൾ നടത്തി വരുന്നു. കൂടാതെ കണ്ടൽ സംരക്ഷിക്കുന്നവർക്ക് ഏക്കറിന് 4000/- രൂപ നിരക്കിൽ ധനസഹായവും നൽകി വരുന്നു. |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് കണ്ടൽവനങ്ങൾ റിസർവ്വ് ഫോറസ്റ്റായും പ്രൊപ്പോസ്ഡ് റിസർവ്വ് ഫോറസ്റ്റായും പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ(ചേറ്റുവ) 3.3853 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 54.6952 ഹെക്ടറും കണ്ടൽ വനങ്ങൾ 1961-ലെ കേരളവന നിയമം, 19-ാം വകുപ്പ് പ്രകാരം റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം- 174.7914 ഹെക്ടർ, തൃശ്ശൂർ (വെൺമനാട്)- 94.77 ഹെക്ടർ, മലപ്പുറം-20.78 ഹെക്ടർ, കോഴിക്കോട്- 2.82 ഹെക്ടർ, എറണാകുളം (പുതുവൈപ്പ്) - 65.83 ഹെക്ടർ എന്നിങ്ങനെ ആകെ - 358.9914 ഹെക്ടർ കണ്ടൽ വനങ്ങൾ 1961-ലെ |

| | | | |
|---|---|---|---|
| | | | കേരളവന നിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. |
| (ഡി) | നിലവിലുള്ള നിയമപ്രകാരം കണ്ടൽക്കാടുകളുള്ള മറ്റു ഭൂമികൾ റിസർവ്വ് വനമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | കണ്ണൂർ ജില്ലയിൽ 237.92 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ(ചേറ്റുവ) 3.3853 ഹെക്ടറും കാസർഗോഡ് ജില്ലയിൽ 54.6952 ഹെക്ടറും കണ്ടൽ വനങ്ങൾ 1961-ലെ കേരളവന നിയമം, 19-ാം വകുപ്പ് പ്രകാരം റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ആലപ്പുഴ ജില്ലയിലെ പുറക്കാട് ഗാന്ധിവനം- 174.7914 ഹെക്ടർ, തൃശ്ശൂർ (വെൺമനാട്)- 94.77 ഹെക്ടർ, മലപ്പുറം-20.78 ഹെക്ടർ, കോഴിക്കോട്- 2.82 ഹെക്ടർ, എറണാകുളം (പുതുവൈപ്പ്) - 65.83 ഹെക്ടർ എന്നിങ്ങനെ ആകെ - 358.9914 ഹെക്ടർ കണ്ടൽ വനങ്ങൾ 1961-ലെ കേരളവന നിയമം സെക്ഷൻ 4 പ്രകാരം പ്രൊപ്പോസ്ഡ് റിസർവ്വ് ഫോറസ്റ്റായി വിജ്ഞാപനം പുറപ്പെടുവിക്കുകയും തുടർനടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നുണ്ട്. |
| (ഇ) | സ്വകാര്യ ഭൂമിയിലെ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (ഇ) | കണ്ടൽച്ചെടികൾ നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോത്സാഹനമായി സ.ഉ(സാധാ)നമ്പർ. 485/16/വനം , തീയതി 24/12/2016 സർക്കാർ ഉത്തരവ് പ്രകാരം സ്വകാര്യ വ്യക്തികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിദഗ്ധസമിതി തിരഞ്ഞെടുക്കുന്ന അർഹരായവർക്ക് ഏക്കറിന് 4000/- രൂപ വീതം ധനസഹായം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ